# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.379 - 27/2/2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### കേന്ദ്ര ബജറ്റിലെ സംസ്ഥാന വിഹിതം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് ലഭിക്കുമെന്ന് കരുതുന്ന തുക എത്ര വീതമാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | 2018-19 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് 29744.40 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഇതിൽ 19703.01 കോടി രൂപ കേന്ദ്ര നികുതി വിഹിതമായും, 1932.56 കോടി രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റായും (NP), 8108.83 കോടി രൂപ പ്ലാൻ ഗ്രാന്റായുമായിട്ടാണ് പ്രതീക്ഷിച്ചിരുന്നത്. [ഇതിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത തുകയുടെ വിവരമാണ് (ബി) ചോദ്യത്തിന് മറുപടിയായി നൽകിയിരുന്നത്] |
| (ബി)<br>കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2018-19-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം എത്ര കോടി രൂപ വീതമായിരിക്കുമെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | 2018-19-ൽ സംസ്ഥാന വിഹിതമായി നികുതിയിനത്തിൽ 19703.01 കോടി രൂപയും ഗ്രാന്റ് – ഇൻ-എയ്ഡായി 1932.56 കോടി രൂപയും (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 1739.56 കോടി രൂപയും സംസ്ഥാന ദുരന്ത നിവാരണവകുപ്പിന് 193 കോടി രൂപയും) പ്രതീക്ഷിക്കുന്നു. കൂടാതെ, പ്ലാൻ ഗ്രാന്റായി 8108.83 കോടി രൂപയും പ്രതീക്ഷിച്ചിരുന്നു. |
| (സി)<br>2018-19 ൽ സംസ്ഥാനം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നുവെന്നും അവയിൽ കുറവ് വന്നതും കൂടിയതും ഏതെല്ലാം ഇനങ്ങളിലാണെന്നും | 2018-19 സാമ്പത്തിക വർഷം കേന്ദ്ര ബജറ്റ് പ്രകാരം കേരളം പ്രതീക്ഷിച്ച തുകയും കേന്ദ്രം അനുവദിച്ച തുകയും വ്യത്യാസവും ചുവടെ ചേർക്കുന്നു. |

വ്യക്തമാക്കുമോ?

(തുക കോടിയിൽ)

| ഇനം | 2018-19 ( BE ) | 2018-19 ( RE ) | വ്യത്യാസം |
|---|---|---|---|
| (1) | (2) | (3) | (4) |
| കേന്ദ്ര നികുതി വിഹിതം | 19703.01 | 19038.17 | -664.84 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1932.56 | 1646.22 | -286.34 |
| പ്ലാൻ ഗ്രാന്റ്സ് | 8108.83 | 11193.77 | 3084.94 |
| ആകെ | 29744.40 | 31878.16 | 2133.76 |

സെക്ഷൻ ഓഫീസർ